**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3669** **12-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ആറ്റിങ്ങൽ ഡിപ്പോയിൽ നിന്നും ആരംഭിക്കുന്ന സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലയളവിൽ നിർത്തി വച്ച കെ.എസ്.ആർ.ടി.സി. ആറ്റിങ്ങൽ ഡിപ്പോയിൽ നിന്നും സർവ്വീസ് ആരംഭിച്ച് ആലംകോട് മണനാക്ക് കവലിയൂർ-വർക്കല ക്ഷേത്രം വഴി പരവൂരിലേക്ക് പോകുന്നതും തിരികെ വരുന്നതുമായ ബസ്സ് സർവ്വീസും, ആറ്റിങ്ങൽ നിന്ന് ആരംഭിച്ച് കൊല്ലംമ്പുഴ കവലിയൂർ വഴി വർക്കല എത്തി തിരികെ ചെറുന്നിയൂർ താന്നിമൂട് വഴി ആറ്റിങ്ങലിൽ തിരികെയെത്തുന്ന ഓർഡിനറി വേണാട് സർവ്വീസും പുന:രാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | കോവിഡ് കാലത്ത് പൊതുഗതാഗത സംവിധാനങ്ങൾ പൂർണ്ണമായും റദ്ദ് ചെയ്തതിനെ തുടർന്ന് സംസ്ഥാനാടിസ്ഥാനത്തിൽ മുഴുവൻ സർവ്വീസുകളും നിർത്തി വച്ചിരുന്നു. എന്നാൽ കോവിഡ്കാല ഗതാഗത നിയന്ത്രണങ്ങൾ അവസാനിച്ചതിനെ തുടർന്ന് നിന്നുപോയതും ലാഭകരവും ജനോപകാരപ്രദവുമായ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ പുനഃക്രമീകരിച്ച് ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്.<br><br>എന്നാൽ ആറ്റിങ്ങൽ യൂണിറ്റിൽ നിന്നുള്ള ആലംകോട് - മണനാക്ക് - കവലയൂർ - വർക്കല ക്ഷേത്രം വഴി പരവൂരിലേയ്ക്ക് പോകുന്നതും തിരികെ വരുന്നതുമായ ബസ്സ് സർവ്വീസും, ആറ്റിങ്ങൽ നിന്ന് ആരംഭിച്ച് കൊല്ലംമ്പുഴ കവലിയൂർ വഴി വർക്കല എത്തി തിരികെ ചെറുന്നിയൂർ താന്നിമൂട് വഴി ആറ്റിങ്ങലിൽ തിരികെയെത്തുന്ന ഓർഡിനറി വേണാട് സർവ്വീസും പ്രവർത്തന ചെലവ് പോലും ലഭ്യമാകാതിരുന്ന സാഹചര്യത്തിലാണ് പുനരാരംഭിക്കാത്തത്.<br><br>എങ്കിലും ജനോപകാരപ്രദമായ രീതിയിൽ പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുന്ന കാര്യം യാത്രാവശ്യം അനുസരിച്ച് സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ